# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7024 13/07/2012 ൽ മറുപടിയ്ക്ക്

## എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിലെ സ്കൂളുകളിൽ പഠിക്കുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) 01/06/2012 മുതൽ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) പുതുക്കിയ സ്റ്റൈപ്പന്റ് തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; ആലപ്പുഴ ജില്ലയിലെ മുഴുവൻ സ്കൂളുകളിലും 2012-13 വർഷത്തെ സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ പുതുക്കിയ നിരക്കിലുള്ള തുകയാണോ വിതരണം ചെയ്തത്; ഫണ്ടിന്റെ അപര്യാപ്തതമൂലം എല്ലാ കുട്ടികൾക്കും ഗ്രാന്റ് തുക ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പുതുക്കിയ നിരക്കിലുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു. നഴ്സറി വിഭാഗം - 150, എൽ.പി. വിഭാഗം - 250, യു.പി. വിഭാഗം-500, എച്ച്. എസ്. വിഭാഗം-750 എന്നീ നിരക്കുകളിൽ അനുവദിച്ചിട്ടുണ്ട്. 2012-13 വർഷം പുതുക്കിയ നിരക്കിലാണ് വിതരണം ചെയ്തിട്ടുള്ളത്. ഫണ്ടിന്റെ അപര്യാപ്തത മൂലം ആലപ്പുഴ ജില്ലയിലെ മുഴുവൻ സ്കൂളുകളിലും എല്ലാ കുട്ടികൾക്കും ഗ്രാന്റ് തുക ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളിൽ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവയുടെ വിതരണം പൂർണ്ണമായി നടത്തിയി ട്ടുണ്ടോ; വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എല്ലാ കുട്ടികൾക്കും ഗ്രാന്റ് തുക ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ; ഗ്രാന്റ് തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) മാവേലിക്കര മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള തുക എല്ലാ കുട്ടികൾക്കും ഉടനെ ലഭ്യമാക്കുന്നതിന് ആവശ്യമായ ഫണ്ട് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) മാവേലിക്കര മണ്ഡലത്തിൽ എസ്.സി. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത ഗ്രാന്റ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എത്ര കുട്ടികൾക്ക് തുക ലഭിച്ചു; വിതരണം ചെയ്ത തുകയുടെ സ്കൂൾ തിരിച്ചുള്ള വിശദമായ കണക്ക് ലഭ്യമാക്കുമോ; പ്രസ്തുത സ്കൂളുകളിൽ തുക ലഭിക്കാത്ത കുട്ടികളുണ്ടോ; വ്യക്തമാക്കാമോ ? | (ഡി) മാവേലിക്കര മണ്ഡലത്തിൽ 164 സ്കൂളുകളിൽ (മാവേലിക്കര ബ്ലോക്കിൽ 98 സ്കൂൾ, ഭരണിക്കാവ് ബ്ലോക്കിൽ 66 സ്കൂൾ) 31.25 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ മാസം 15-ാം തീയതിയ്ക്കകം ലംപ്സം ഗ്രാന്റ് വിതരണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ നിന്നും അക്വിറ്റൻസ് ലഭ്യമാക്കി സ്കൂൾ തിരിച്ചുള്ള വിശദമായ കണക്ക് ജൂലൈ 31 നകം മാത്രമേ പൂർത്തിയായി ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ